(Pages : 4) **P – 7588**

Reg. No. : .............................

Name : .................................

# First Semester B.A. Degree Examination, March 2023

## First Degree Programme under CBCSS

## Malayalam : Language, Culture and Literature

## Core Course I

## ML 1141 : നോവൽ, ചരിത്രവും, പാഠവും

## (2018-2020 Admission)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. കെ. സരസ്വതിയമ്മ എഴുതിയ നോവൽ ഏത്?

2. മലയാളത്തിലെ ആദ്യ സൈബർ നോവൽ.

3. ദേവകി മാനമ്പള്ളി ഏതു നോവലിലെ കഥാപാത്രമാണ്?

4. ഊരാളിക്കുടി എന്ന നോവൽ എഴുതിയതാര്?

5. പറങ്ങോടീപരിണയം എന്ന നോവലിന്റെ സവിശേഷതയെന്ത്?

6. മലയാളത്തിലെ ആദ്യ ചരിത്രനോവൽ ഏത്?

7. 'സമയതീരങ്ങളിലെ സംഗീതം' എന്നു മഞ്ഞിനെ വിശേഷിപ്പിച്ചതാര്?

VTM NSS COLLEGE LIBRARY

P.T.O.

8. കേരളത്തിലെ നഴ്സുമാരുടെ പ്രവാസജീവിതത്തെ അടിസ്ഥാനമാക്കി ബന്യാമിൻ എഴുതിയ നോവൽ ഏത്?

9. സർവ്വീസ് സ്റ്റോറി എന്ന ഗണത്തിൽപ്പെടുന്ന മലയാറ്റൂർ രാമകൃഷ്ണന്റെ നോവൽ.

10. എൻഡോസൽഫാൻ ദുരന്തത്തിന്റെ അടിസ്ഥാനത്തിൽ അംബികാസുതൻ മാങ്ങാട് എഴുതിയ നോവൽ.

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. നഗരത്തിന്റെ ഇരമ്പൽ പെട്ടെന്നു നിലച്ചു പോയതുപോലെ മജീദിന് അനുഭവപ്പെട്ടതെപ്പോൾ?

12. നോവൽ രചനാശൈലിയെ ശിവരാമമേനോൻ പരിഹസിക്കുന്നതെങ്ങനെ?

13. 'ഞങ്ങളുടേതായ ഈ ദുഃഖഭാരം നിങ്ങളുടെ സൃഷ്ടിയാണെന്ന് ഓർമ്മവേണം' - ആരുടെ വാക്കുകൾ? വിവക്ഷിതമെന്ത്?

14. 'വക്കിലന്മാരുടെ കൊളമ്പ്' എന്നതുകൊണ്ട് ശാമുമേനവന്റെ ഭൃത്യൻ ഉദ്ദേശിച്ചതെന്ത്?

15. 'അങ്ങുന്നേ പൊല്ലാശകുനമല്ലയോ കാണുന്നത്' - സന്ദർഭവും ആശയവും വിശദമാക്കുക.

16. 'ആദ്യത്തെ മൃഗം വീണ ആർപ്പുവിളിയും ആഘോഷവും ഉണ്ടായില്ല' - സൂചിതമെന്ത്?

17. 'മരുഭൂമി പടർന്നു കയറുന്നത് ആരും കാണാതെ പോയെന്നുവരും' - ആരുടെ വാക്കുകൾ? വിവക്ഷയെന്ത്?

18. ഒരു സാധാരണ വീട്ടമ്മയായിരുന്നില്ല ഫാത്തിമയെന്ന് ആസിഫ് തിരിച്ചറിയുന്നതെപ്പോൾ?

19. 'ഈ വാചകം ആരും പറഞ്ഞുകൊടുക്കാതെതന്നെ മുതുപുലകി വരെ പറഞ്ഞു' - ഏത്? സാഹചര്യം വിശദമാക്കുക.



VTM NSS COLLEGE LIBRARY

20. 'ഇതിനകത്തു കഴിഞ്ഞാൽ ഞാനും പേടിച്ചു പ്രാന്തു പിടിച്ചു പോവുംന്നു തോന്നുന്നു' - സന്ദർഭവും സാംഗത്യവുമെന്ത്?

21. ഹെർബ്ബാറഷ് എന്ന് അമ്മാളുവും ടിപ്പുവും പേരിട്ടു വിളിച്ച കളിയെന്ത്?

22. കണക്കുശാസ്ത്രത്തിൽ മജീദ് കണ്ടെത്തിയ പുതിയ തത്ത്വം എന്തായിരുന്നു?

**(8 × 2 = 16 Marks)**

III. **നൂറ്റിയിരുപതു** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിനുത്തരമെഴുതുക.

23. ഉത്തരാധുനിക നോവലിന്റെ സവിശേഷതകളെന്തെല്ലാം?

24. പുറമ്പോക്കു മനുഷ്യർ ഉണ്ടാകുന്നതെങ്ങനെയെന്നാണ് കുന്ദൻ കണ്ടെത്തുന്നത്?

25. ശാസ്ത്രജ്ഞാനത്തേക്കാൾ വലുത് ശസ്ത്രവൈദഗ്ദ്ധ്യമാണെന്ന് ഭീമൻ തിരിച്ചറിയുന്നതെപ്പോൾ?

26. ബാലന്റെ ആത്മാവും തിരുവിതാംകൂറിന്റെ ഭാവിയൈശ്വര്യവും രക്ഷപ്പെട്ടതെങ്ങനെ?

27. കുന്ദലതയുടെ വിദ്യാഭ്യാസം വിനോദകരമായതെങ്ങനെ?

28. മാനമ്പള്ളി മനയുമായുള്ള തങ്കത്തിന്റെ ബന്ധം അവസാനിച്ചതെങ്ങനെ?

29. ഹെർബേറിയത്തിലെ ആഖ്യാനതന്ത്രം വിശദമാക്കുക.

30. കോരനു കടം കൊടുക്കുമ്പോൾ പുഷ്പവേലിൽ ഔസേപ്പ് മുന്നോട്ടുവച്ച നിബന്ധനകളേവ?

31. ആനന്ദിന്റെ നോവലുകളുടെ അടിസ്ഥാനസ്വഭാവമെന്ത്?

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിനുത്തരമെഴുതുക.

32. "കേരളീയ ജീവിതം നേരിട്ട അനുഭവമണ്ഡലങ്ങൾ ഏറ്റവുമധികം അടയാളപ്പെടുത്തിയ സാംസ്കാരികരൂപം നോവലായിരുന്നു" - വിലയിരുത്തുക.



VTM NSS COLLEGE LIBRARY

33. 'ചരിത്രത്തിന്റെ സ്ഥൂലപരിസരത്തിൽ നിന്നും അധികാരം എന്ന സൂക്ഷ്മത്തിലേക്കു നീങ്ങുകയാണ്, മരുഭൂമികൾ ഉണ്ടാകുന്നതിൽ ആനന്ദ്' - ചർച്ച ചെയ്യുക.

34. അധികാരവും മനുഷ്യദുരന്തവും തമ്മിൽ കൂട്ടിയിണക്കി യാഥാർത്ഥ്യത്തെ ആവിഷ്കരിക്കുന്ന ആഖ്യാനതന്ത്രം രണ്ടിടങ്ങഴിയിലെ യാഥാതഥ്യത്തെ പ്രകാശവത്താക്കുന്നു - പരിശോധിക്കുക.

35. മലയാളനോവലിലെ പെൺവഴിയെ പരിചയപ്പെടുത്തുക.

**(2 × 15 = 30 Marks)**

---

VTM NSS COLLEGE LIBRARY